മലയാള മനോരമ
ESTABLISHED 1888
02 July 2017

# കടൽ സമ്പത്തിന്റെ സുസ്ഥിര വിനിയോഗം; പദ്ധതിയുമായി സിഎംഎഫ്ആർഐ

കൊച്ചി • കടൽ സമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതിനും സമുദ്ര ആവാസ വ്യവസ്ഥയുടെ ശരിയായ പരിപാലനത്തിനും ദേശീയതലത്തിൽ കർമപദ്ധതി തയാറാക്കുന്നു.

നിതി ആയോഗിന്റെ നിർദേശത്തോടെ കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് -ഇന്ത്യയുടെ സഹകരണത്തോടെയാണു പദ്ധതി തയാറാക്കുന്നത്.

കടൽ സമ്പത്തിന്റെ സുസ്ഥിരമായ വിനിയോഗത്തിലൂടെ സമുദ്ര ആവാസവ്യവസ്ഥയെ പരുക്കേൽക്കാതെ സംരക്ഷിക്കുകയും അതുവഴി 'ബ്ലൂ ഇക്കോണമി' വികസിപ്പിക്കുകയുമാണു ലക്ഷ്യം.

കടൽ സമ്പത്ത് ഉപയോഗിക്കുന്നതിനുള്ള സുസ്ഥിരമായ പരിപാലന മാതൃകകൾ, ചെറുകിട മൽസ്യ ബന്ധന മേഖല ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ, അമിത മൽസ്യ ബന്ധനം, തീരദേശ മലിനീകരണം എന്നിവ തടയുന്നതിനുള്ള വഴികൾ, മൽസ്യ തൊഴിലാളി സമൂഹത്തിന്റെ ഉപജീവനം സംരക്ഷിക്കുന്നതിനുള്ള നിർദേശങ്ങൾ തുടങ്ങിയവ കർമപദ്ധതിയിലുൾപ്പെടുത്തും.

ഐക്യരാഷ്ട്രസഭ തയാറാക്കിയ സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണു സമുദ്രവിഭവവുമായി ബന്ധപ്പെട്ട കർമപദ്ധതി സിഎംഎഫ്ആർഐ തയാറാക്കുന്നത്. ഇതിനായി നാല്, അഞ്ച് തീയതികളിൽ സിഎംഎഫ്ആർഐയിൽ വിദഗ്ധസംഗമവും സംഘടിപ്പിച്ചിട്ടുണ്ട്.

തീരദേശ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥർ, സമുദ്രശാസ്ത്രജ്ഞർ, പരിസ്ഥിതി വിദഗ്ധർ, വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ്, വനം, പരിസ്ഥിതി, തീരദേശ പരിപാലനം, വ്യവസായം, സമുദ്രവികസനം തുടങ്ങിയ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ വിദഗ്ധസംഗമത്തിൽ പങ്കെടുക്കും.